# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7771 — 15.07.2014 - ൽ മറുപടിയ്ക്ക്

## ഇടമലക്കുടി ആദിവാസി കോളനി ഏലം കൃഷി പദ്ധതി ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
| എ. ഇടമലക്കുടി ആദിവാസി കോളനികളിൽ നടത്തിയ ഏലംകൃഷി പദ്ധതിയിലെ അഴിമതിക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; വ്യക്തമാക്കുമോ ; | എ. വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് പ്രകാരം ഇടമലക്കുടി ആദിവാസി കോളനികളിൽ നടത്തിയ ഏലം കൃഷി പദ്ധതിയിലെ അഴിമതിക്ക് ഉത്തരവാദികളായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. ഡോ. എൻ.സി. ഇന്ദുചൂഢൻ, DFO(Rtd)<br>2. ശ്രീ. ജോഷി സെബാസ്റ്റ്യൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ<br>3. ശ്രീ. വി.സി. കാർത്തികേയൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ<br>4. ശ്രീ. അനിൽഘോഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ<br>5. ശ്രീ. ആർ. റോയ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ<br>6. ശ്രീ. ഹരികുമാരൻ നായർ ബീറ്റ് ഫോറസ്റ്റ് ഓഫീസർ |

| | | | |
|---|---|---|---|
| ബി. | പ്രസ്തുത ഉദ്യോഗസ്ഥർക്ക് മറ്റേതെങ്കിലും വകുപ്പിൽ ഉയർന്ന ചുമതല നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | ബി. | മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ ശ്രീ. എൻ.സി. ഇന്ദുചൂഡൻ വനം വകുപ്പിൽ നിന്നും വിരമിച്ചതിനു ശേഷം അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന വിവിധ ജോലികളുടെ നോഡൽ ഓഫീസറായി സർക്കാർ ഉത്തരവ് നം. സ.ഉ.(സാ) നം.374/2012/വനം, തീയതി 26.07.2012 പ്രകാരം നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. |
| സി. | ഇടമലക്കുടി ആദിവാസി കോളനി ഏലംകൃഷി പദ്ധതിയുടെ കേസ്, പോലീസ് വിജിലൻസ് വിഭാഗം അന്വേഷിച്ചിട്ടുണ്ടോ ; പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ വിവരം എന്തെന്നും ഈ കേസ് വീണ്ടും വിജിലൻസ് വിഭാഗം അന്വേഷിക്കണമെന്ന വനം വകുപ്പിന്റെ ശുപാർശ വിജിലൻസ് തിരിച്ചയച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; | സി. | ഈ കേസിന്മേൽ പോലീസ് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല. സർക്കാർ കത്ത് നം. 14901/എ1/13/വനം തീയതി 27.01.2014 പ്രകാരം വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം ടി കേസ് അന്വേഷിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം അന്വേഷണം നടന്നു വരുന്നു. |
| ഡി. | സാമ്പത്തിക അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കുവാനുള്ള അധികാരവും അതിനനുസരിച്ചുള്ള സംവിധാനവും വനം വകുപ്പിനുണ്ടോ എന്നും വ്യക്തമാക്കുമോ ? | ഡി. | സാമ്പത്തിക അഴിമതി അന്വേഷിച്ച് നടപടി സ്വീകരിക്കുവാനുള്ള അധികാരം വനം വകുപ്പിനുണ്ട്. എന്നാൽ ക്രിമിനൽ കേസ് എടുത്ത് നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം വനം വകുപ്പിനില്ല. |

സെക്ഷൻ ഓഫീസർ